# മധുരമായ കുട്ടികളേ - മനുഷ്യമതത്തിലൂടെ നിങ്ങൾ അരക്കല്പം നടക്കുന്നു, ഇപ്പോൾ എന്റെ ശ്രീമതപ്രകാരം നടന്ന് പാവനമാകൂ, എങ്കിൽ പാവനമായ ലോകത്തിന്റെ അധികാരികളായി മാറും.

**ചോദ്യം:-** പരിധിയില്ലാത്ത അച്ഛൻ കുട്ടികൾക്ക് എന്ത് ആശീർവാദമാണ് നൽകുന്നത്, ഈ ആശീർവാദം ആർക്കാണ് പ്രാപ്തമാകുന്നത്?
**ഉത്തരം:-** ബാബ ആശീർവാദം നൽകുകയാണ്, കുട്ടികളേ നിങ്ങൾ 21 ജന്മം സദാ സുഖിയായിരിയ്ക്കും, അമരന്മാരായിരിയ്ക്കും. നിങ്ങളെ ഒരിക്കലും കാലൻ വിഴുങ്ങുകയില്ല, അകാല മൃത്യു ഉണ്ടാകുകയില്ല. കാമധേനു മാതാവ് നിങ്ങളുടെ സർവ്വ മനോകാമനകളും പൂർത്തീകരിച്ച് തരും. എന്നാൽ നിങ്ങൾക്ക് ഈ വിഷത്തെ (വികാരത്തെ) ഉപേക്ഷിക്കേണ്ടിവരും. ഈ ആശീർവാദം അവർക്കാണ് ലഭിയ്ക്കുന്നത് ആരാണോ ശ്രീമതപ്രകാരം ഈ അന്തിമ ജന്മത്തിൽ പവിത്രമായി മാറുകയും മാറ്റുകയും ചെയ്യുന്നത്. ബാബ പറയുകയാണ്, കുട്ടികളേ, ലോകം പരിവർത്തനപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്, അതുകൊണ്ട് തീർച്ചയായും പാവനമായി മാറൂ.

**ഗീതം:-** ഓം നമോ ശിവായ.....

**ഓം ശാന്തി**. ഭഗവാന്റെ കുട്ടികൾ പാട്ട് കേട്ടു. എല്ലാവരും ഭഗവാന്റെ കുട്ടികൾ തന്നെയാണ്. എല്ലാ മനുഷ്യരും ഭഗവാനെത്തന്നെയാണ് അച്ഛൻ എന്നു പറയുന്നത്. ഭഗവാൻ സർവ്വരുടേയും ഒരേയൊരു അച്ഛനാണ്. ലൗകിക പിതാവിനെ എല്ലാവരുടേയും അച്ഛൻ എന്ന് പറയാൻ കഴിയുകയില്ല. പരിധിയില്ലാത്ത അച്ഛൻ, സർവ്വരുടേയും അച്ഛനാണ്. സർവ്വരുടേയും സത്ഗതി ദാതാവാണ്, വേറെ ആർക്കും തന്നെ ഈ മഹിമയുണ്ടാകുകയില്ല. എല്ലാവരും ആ നിരാകാരനായ പിതാവിനെത്തന്നെയാണ് ഓർമ്മിയ്ക്കുന്നത്. നിങ്ങളുടെ ആത്മാവും നിരാകാരനാണ്, ബാബയും നിരാകാരനാണ്. ബാബയുടെ തന്നെ മഹിമയാണ് നിങ്ങൾ കേട്ടത്. പരമപിതാ പരമാത്മാ ശിവബാബ, അങ്ങ് ഉയർന്നതിലും ഉയർന്നതാണ്, സർവ്വരുടേയും സത്ഗതി ദാതാവാണ്. എല്ലാവരുടേയും സത്ഗതി ചെയ്യുന്നു, അപ്പോൾ അവർ സ്വർഗ്ഗത്തിന്റെ അധികാരി ദേവി-ദേവതയായി മാറുന്നു. മനുഷ്യന്, മനുഷ്യരുടെ സത്ഗതി ചെയ്യാൻ കഴിയുകയില്ല. മനുഷ്യന്റെ യാതൊരു മഹിമയുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത അച്ഛൻ മുഖേനയാണ് സമ്പത്ത് ലഭിയ്ക്കുന്നത്. അരക്കല്പം നിങ്ങൾ പ്രാലബ്ധം അനുഭവിയ്ക്കുന്നു. അതിനെയാണ് രാമരാജ്യമെന്നു പറയുന്നത്, പിന്നീട് ദ്വാപരം മുതൽ രാവണന്റെ രാജ്യം തുടങ്ങുന്നു. 5 വികാരരൂപമാകുന്ന ഭൂതം പ്രവേശിയ്ക്കുന്നു. ആ ഭൂതം (അശുദ്ധ ആത്മാവ്) ആരിലെങ്കിലും പ്രവേശിച്ചാൽ, ആ വ്യക്തി യാതൊരു നിയന്ത്രണവുമില്ലാതെയാകുന്നതുപോലെ. അതേപോലെ ഈ ഭൂതങ്ങളിലും നമ്പർ വൺ ഭൂതം കാമമാകുന്ന മഹാശത്രുവാണ്. അരക്കല്പം ഈ ഭൂതം നിങ്ങളെ വളരെ ദുഃഖിയാക്കി മാറ്റി. ഇപ്പോൾ ഇതിനുമുകളിൽ വിജയം പ്രാപ്തമാക്കി പവിത്രമായി മാറൂ, എങ്കിൽ പവിത്രമായ ലോകത്തിന്റെ അധികാരിയായി മാറും. ബാബ തന്നെയാണ് സർവ്വരെക്കൊണ്ടും പ്രതിജ്ഞ ചെയ്യിപ്പിയ്ക്കുന്നത്. ബാബ പറയുകയാണ് നിങ്ങൾ പാവനമായി മാറുന്നതിന്റെ രാഖി അണിയൂ എങ്കിൽ 21 ജന്മത്തേയ്ക്ക് സ്വർഗ്ഗം അഥവാ പവിത്രമായ ലോകത്തിന്റെ അധികാരിയായി മാറും. ഞാൻ വന്നിരിയ്ക്കുന്നത് പതിതരെ പാവനമാക്കി മാറ്റാനാണ്. ഭാരതം പാവനമായിരുന്നു, അപ്പോൾ ദേവീ-ദേവതകളുടെ രാജ്യമായിരുന്നു. പേരുതന്നെ സുഖധാമമെന്നായിരുന്നു. ഇപ്പോൾ ദുഃഖധാമമാണ്. ഒന്നാമതായി കാമവികാരത്തിൽ പോകുന്നു, രണ്ടാമതായി അന്യോന്യം വഴക്കടിച്ചുകൊണ്ടിരിയ്ക്കുന്നു, നോക്കൂ എത്ര ദുഃഖമാണ്. ബാബ വരുന്നതുതന്നെ സംഗമയുഗത്തിലാണ്. ഇത് മംഗളകാരി സംഗമയുഗമാണ്. നിങ്ങൾ കുട്ടികൾ സുഖധാമത്തിൽ പോകുന്നതിനുവേണ്ടി, തന്റെ മംഗളം ചെയ്യുന്നതിനുവേണ്ടി വന്നിരിയ്ക്കുകയാണ്. ബാബ പറയുകയാണ് ഇപ്പോൾ എന്റെ ശ്രീമത പ്രകാരം നടക്കൂ. മനുഷ്യരുടെ മത പ്രകാരം നിങ്ങൾ അരക്കല്പം നടന്നു. സത്ഗതി ദാതാവ് ഒരേയൊരു ബാബ തന്നെയാണ്, ബാബയുടെ ശ്രീമത പ്രകാരം നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരികളായി മാറുന്നു. ബാക്കി ഈ ശാസ്ത്രങ്ങൾ പഠിച്ച് പഠിച്ച് കലിയുഗത്തിന്റെ അന്ത്യമായിരിയ്ക്കുകയാണ്. തമോപ്രധാനമായിരിയ്ക്കുന്നു. സ്വയം ഈശ്വരനാണെന്ന് പറഞ്ഞ് തന്റെ തന്നെ പൂജ ചെയ്യിപ്പിച്ചുകൊണ്ടിരിയ്ക്കുകയാണ്. ശാസ്ത്രങ്ങളിൽ പ്രഹ്ളാദന്റെ കാര്യങ്ങൾ കാണിച്ചിട്ടുണ്ട്. കാണിച്ചിരിയ്ക്കുകയാണ് തൂണിൽ നിന്ന് ഭഗവാൻ വന്നു, വന്നിട്ട് ഹിരണ്യകശ്യപനെ വധിച്ചു. എന്നാൽ തൂണിൽ നിന്ന് ആരും വരികയില്ല. പക്ഷെ, എല്ലാവരുടേയും വിനാശം സംഭവിയ്ക്കുക തന്നെ വേണം. ബാബ പറയുകയാണ് ഈ സന്യാസിമാരുടേയും, മഹാത്മാക്കളുടേയും, അജാമിലനെപ്പോലെയുള്ള പാപികളുടേയും ഉദ്ധാരണം ഞാൻ തന്നെ

യണ് ചെയ്യുന്നത്.

ബാബ വന്ന് ജ്ഞാനാമൃതത്തിന്റെ കലശം അമ്മമാർക്കാണ് നൽകുന്നത്. മാതാവാകുന്ന ഗുരു ഇല്ലാതെ ആരുടേയും സത്ഗതിയുണ്ടാകുകയില്ല. ജഗത് അംബയാണ് കാമധേനു, സർവ്വരുടേയും മനോകാമനകളെ പൂർത്തീകരിച്ച് നൽകുന്നവൾ. അവരുടെ കുട്ടികളാണ് നിങ്ങൾ. ഇപ്പോൾ ബാബ പറയുകയാണ് ഒരു മനുഷ്യന്റേയും വാക്കുകൾ നിങ്ങൾ കേൾക്കരുത്. പതിതരെ പാവനമാക്കുന്നവൻ ഒരേയൊരു ബാബയാണ്. അങ്ങിനെയാണെങ്കിൽ തീർച്ചയായും ആരെങ്കിലും പതിതമാക്കുന്നവരും ഉണ്ടാകും. രാവണ രാജ്യത്തിൽ എല്ലാവരും പതിതരാണ്. ഇപ്പോൾ പതിത പാവനനായ ആ ബാബ വന്നിരിയ്ക്കുകയാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നതിനുവേണ്ടി. പറയുകയാണ് 21 ജന്മം നിങ്ങൾ സദാ സുഖികളായിരിയ്ക്കും, ആശീർവാദം നൽകുകയാണ്. ലൗകിക മാതാ-പിതാക്കളും ആശീർവാദം നൽകാറുണ്ട്, അത് അല്പകാല സുഖത്തിന് വേണ്ടിയാണ്. ഇത് പരിധിയില്ലാത്ത മാതാ-പിതാവാണ് - പറയുകയാണ് കുട്ടികളേ, സദാ അമരന്മായിരിയ്ക്കട്ടെ! അവിടെ നിങ്ങളെ കാലൻ വിഴുങ്ങുകയില്ല. അകാലമരണമുണ്ടാകുകയില്ല, സദാ സുഖിയായിരിയ്ക്കും. കാമധേനു മാതാവ് നിങ്ങളുടെ സർവ്വ കാമനകളും പൂർത്തീകരിച്ചു തരുന്നു. കേവലം വിഷത്തെ മാത്രം ഉപേക്ഷിച്ചാൽ മതി, എന്തുകൊണ്ടെന്നാൽ അപവിത്രർക്ക് അവിടെ പോകാൻ കഴിയുകയില്ല. ബാബ പറയുകയാണ് ഞാൻ നിങ്ങളെ തിരികെ കൊണ്ടുപോകാൻ വന്നിരിയ്ക്കുകയാണ്. കേവലം പാവനമായി മാറൂ. കുട്ടികളെ വിവാഹം കഴിപ്പിയ്ക്കണം എന്നില്ല. സ്വയവും പതിതരാകരുത്, മറ്റുള്ളവരെയും പതിതരാക്കരുത്. ഈ മൃത്യുലോകത്തിൽ അന്തിമജന്മം തീർച്ചയായും പവിത്രമായിരിയ്ക്കണം, അപ്പോൾ മാത്രമേ അമരലോകത്ത് പോകാൻ കഴിയുകയുള്ളൂ. ബാബയിരുന്ന് ആത്മാക്കൾക്ക് പറഞ്ഞു മനസ്സിലാക്കിത്തരികയാണ്. ആത്മാവ് തന്നെയാണ് ധാരണ ചെയ്യുന്നത്. ബാബ പറയുകയാണ്, നിങ്ങൾ എന്റെ കുട്ടികളാണ്. നിങ്ങൾ പരമധാമത്തിലാണ് വസിച്ചിരുന്നത്, ഇപ്പോൾ വീണ്ടും അങ്ങോട്ട് തിരികെ കൊണ്ടുപോകാൻ വന്നിരിയ്ക്കുകയാണ് ഞാൻ. ആരാണോ പവിത്രമായി മാറുന്നത് അവരെ എന്റെ കൂടെ കൊണ്ടുപോകും. അവിടെ നിന്ന് നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കും. മീരയും വിഷത്തെ ത്യജിച്ചപ്പോൾ എത്ര പ്രസിദ്ധമായി. ബാബ പറയുകയാണ് കുട്ടികളേ, നിങ്ങളുടെ ലോകം പരിവർത്തനപ്പെട്ട് പുതിയതായി മാറുകയാണ്. പുതിയ ലോകത്തിൽ ദേവതകളാണ് രാജ്യം ഭരിച്ചിരുന്നത്. ഞാൻ ബ്രഹ്മാവിലൂടെ നിങ്ങളെ രാജയോഗം പഠിപ്പിയ്ക്കുകയാണ്. നിങ്ങൾക്ക് ശ്രീമതം നൽകുകയാണ്, ശ്രേഷ്ഠ ദേവതകളായി മാറുന്നതിന്. കൃഷ്ണപുരിയിലേയ്ക്ക് പോകണം. നോക്കൂ, ശ്രീകൃഷ്ണന്റെ എത്ര മഹിമയാണ്. അദ്ദേഹം സർവ്വ ഗുണസമ്പന്നനാണ്. നിങ്ങൾ എന്റെ മത പ്രകാരം നടക്കുകയാണെങ്കിൽ ലക്ഷ്മീ-നാരായണനായി മാറും. കല്പം മുൻപ് ശ്രീമത പ്രകാരം നടന്നവർ ഇപ്പോഴും ശ്രീമതപ്രകാരം നടക്കും. അല്ലെങ്കിൽ ആസുരീയ മത പ്രകാരം നടന്നുകൊണ്ടിരിയ്ക്കും. ഈ ബാബയും ആ നിരാകാരനിൽ നിന്ന് തന്നെയാണ് മതമെടുക്കുന്നത്. ശിവബാബ ബ്രഹ്മാ ശരീരത്തിൽ പ്രവേശിച്ച് നിങ്ങൾക്ക് മതം നൽകുകയാണ്. പറയുകയാണ് നിങ്ങളെല്ലാവരും പത്നിമാരാണ് അഥവാ ഭക്തരാണ്. പ്രിയതമൻ അഥവാ ഭഗവാൻ ഒരാൾ മാത്രമാണ്. മനുഷ്യനെ ഒരിയ്ക്കലും ഭഗവാൻ എന്ന് പറയാൻ കഴിയുകയില്ല. ഈ തലതിരിഞ്ഞ മതമാണ് നിങ്ങൾക്ക് ലഭിച്ചിരിയ്ക്കുന്നത് അതുകൊണ്ടാണ് നിങ്ങളുടെ ഇങ്ങിനെ ദുർഗ്ഗതിയായിരിയ്ക്കുന്നത്. ഞാൻ മാത്രമാണ് നിങ്ങളെ അക്കര എത്തിയ്ക്കുന്നവൻ. ഈ ഗുരുക്കന്മാർക്ക് എന്റെ ധാമത്തെ അറിയുകപോലുമില്ല, പിന്നെ എങ്ങിനെ എന്റെ പക്കലേയ്ക്ക് വരും. മനുഷ്യർ എവിടെപ്പോയാലും കുമ്പിടുകയാണ്, അതുകൊണ്ടാണ് ഞാൻ സ്വയം വന്ന് കൊണ്ടുപോകുന്നത്, പിന്നെ സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കും. അത് വിഷ്ണു പുരി, അഥവാ സൂര്യവംശി രാജ്യമാണ്. ത്രേതായുഗത്തെ രാമരാജ്യമെന്നാണ് പറയുന്നത്. അതിനുശേഷം രാവണ രാജ്യം തുടങ്ങുന്നു, ദ്വാപരം മുതൽ. അപ്പോൾ ഭാരതം ശിവാലയത്തിൽ നിന്ന് വേശ്യാലയമായി മാറുന്നു. ഈ ഭാരതം തന്നെയായിരുന്നു സമ്പൂർണ്ണ നിർവികാരിയായിരുന്നത്, ഈ ഭാരതം തന്നെയാണ് പൂർണ്ണ വികാരിയുമായിരിയ്ക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ രാജയോഗം പഠിച്ച് മുഴുവൻ വിശ്വത്തിനുമേലും വിജയം പ്രാപ്തമാക്കുന്നു. രണ്ടു കുരങ്ങന്മാരുടെ കഥയുണ്ടല്ലോ. അവർ അന്യോന്യം യുദ്ധം ചെയ്യുന്നു, വിശ്വമാകുന്ന വെണ്ണ നിങ്ങൾക്ക് ലഭിയ്ക്കുന്നു. നിങ്ങൾ കേവലം ശിവബാബയേയും സ്വർഗ്ഗത്തേയും ഓർമ്മിയ്ക്കൂ. വീട്ടിലും കുടുംബത്തിലുമിരുന്ന് പവിത്രമായി മാറൂ എങ്കിൽ പവിത്രമായ ലോകത്തിന്റെ അധികാരികളായി മാറും. പവിത്രതയുടെ മുകളിൽ തന്നെയാണ് അത്യാചാരങ്ങളുമുണ്ടാകുന്നത്. കല്പം മുന്നെയുമുണ്ടായിരുന്നു, ഇപ്പോഴും തീർച്ചയായും ഉണ്ടാകും എന്തുകൊണ്ടെന്നാൽ നിങ്ങളിപ്പോൾ വിഷം നൽകുന്നില്ല. പാടപ്പെട്ടിട്ടുമുണ്ട് - അമൃതമുപേക്ഷിച്ച് എന്തിന് വിഷം കഴിയ്ക്കുന്നു. അമൃതം കുടിച്ച് കുടിച്ച് നിങ്ങൾ ദേവതകളായി മാറുന്നു. പക്കാ ബ്രാഹ്മണനാണെങ്കിൽ പറയും, എന്തുതന്നെ സംഭവിച്ചാലും വിഷം നൽകുകയില്ല. എത്രയാണ് സഹിക്കേണ്ടിവരുന്നത്, അപ്പോഴാണ് ഉയർന്ന പദവി പ്രാപ്തമാക്കുന്നത്. ശിവബാബയെ ഓർമ്മിച്ചോർമ്മിച്ച് പ്രാണനും വിടുന്നു. ശിവബാബയുടെ ആജ്ഞയാണ്. ആജ്ഞ എല്ലാവർക്കും വേണ്ടിയാണ്, അതുകൊ

ണ്ടാണ് പറയുന്നത്, എന്നെ ഓർമ്മിയ്ക്കുകയാണെങ്കിൽ എന്റെ പക്കൽ പരമധാമത്തിൽ എത്തിച്ചേരും. ശിവബാബ ഈ മുഖത്തിലൂടെയാണ് നിങ്ങൾ ആത്മാക്കളോട് സംസാരിയ്ക്കുന്നത്. ഇദ്ദേഹവും മനുഷ്യനാണ്. മനുഷ്യന് ഒരിയ്ക്കലും മനുഷ്യനെ പാവനമാക്കി മാറ്റാൻ കഴിയുകയില്ല. ബാബയെ വിളിയ്ക്കുകയാണ് – പതിതരെ വന്ന് പാവനമാക്കൂ. അതുകൊണ്ട് എനിയ്ക്ക് തീർച്ചയായും പതിത ലോകത്തിൽ തന്നെ വരേണ്ടിയിരിയ്ക്കുന്നു, എന്തുകൊണ്ടെന്നാൽ ഇവിടെ പാവനമായവർ ആരും തന്നെയില്ല. ഇപ്പോൾ ബാബ പറയുകയാണ് ഞാൻ നിങ്ങളെ ശ്രീകൃഷ്ണനെപ്പോലെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റും. ആരെങ്കിലും ഞാൻ ബന്ധനത്തിലാണെന്ന് പറയുകയാണെങ്കിൽ ബാബയ്ക്ക് എന്ത് ചെയ്യാൻ കഴിയും. നിങ്ങൾക്ക് ജ്ഞാനം ലഭിച്ചിരിയ്ക്കുകയാണ് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്ന് ശ്രീമത പ്രകാരം നടക്കൂ, എങ്കിൽ നിങ്ങൾ ശ്രേഷ്ഠമായി മാറും. നിങ്ങളെല്ലാവരും ഈശ്വരീയ പരിവാരത്തിലെയാണ്. ശിവബാബ, ബ്രഹ്മാ ദാദാ, നിങ്ങൾ ബ്രാഹ്മണ-ബ്രാഹ്മണികൾ, പൗത്രരും പൗത്രികളും. നിങ്ങൾക്കെല്ലാവർക്കും സ്വർഗ്ഗത്തിന്റെ സമ്പത്ത്, രാജ്യപദവി ലഭിയ്ക്കുന്നു. ബാബയാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നത്, അതുകൊണ്ട് നാം ബാബയുടെ അവകാശികളാണ്. നാം തീർച്ചയായും സ്വർഗ്ഗത്തിലുണ്ടാകേണ്ടതാണ്. പിന്നെ നാം എന്തുകൊണ്ടാണ് ഇപ്പോൾ നരകത്തിൽ? ബാബ മനസ്സിലാക്കിത്തരികയാണ് ഇപ്പോൾ രാവണ രാജ്യമായതുകാരണമാണ് നിങ്ങൾ നരകത്തിൽ. ഞാൻ ഇപ്പോൾ വന്നിരിയ്ക്കുകയാണ് നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകാൻ. ബാബ തോണിക്കാരനാണ്, സർവ്വരേയും അക്കരയിലേയ്ക്ക് കൊണ്ടുപോകുന്നു. ശ്രീ കൃഷ്ണൻ എല്ലാവരുടേയും അച്ഛനല്ല. ഒരാളെ മാത്രമാണ് ഓർമ്മിക്കേണ്ടത്. അനേകരെ ഓർമ്മിയ്ക്കുക എന്ന് പറഞ്ഞാൽ അത് ഭക്തി മാർഗ്ഗമാണ്. ഒരേയൊരു ബാബയെ മാത്രം ഓർമ്മിയ്ക്കുകയാണെങ്കിൽ അവസാന സമയം ആഗ്രഹിയ്ക്കുന്നതുപോലെ നടക്കും, ഗതി ലഭിയ്ക്കും. ഒരു ബാബയുടെ ശ്രീമതമാണ് വാഴ്ത്തപ്പെട്ടിട്ടുള്ളത്, അല്ലാതെ അനേക സന്യാസിമാരുടെ മതത്തെയല്ല. അവർ പറയുകയാണ് ഭഗവാൻ നാമ രൂപത്തിൽ നിന്നും വേറെയാണ്. എന്നാൽ നാമരൂപത്തിൽ നിന്നും വേറെയായി ഒരു വസ്തുവുമില്ല. ആകാശം, ധ്രുവങ്ങൾ എല്ലാമുണ്ട്, എന്നാലും പേരുണ്ടല്ലോ. ഇപ്പോൾ ഈ ഭാരതം എത്ര ദരിദ്രമായി മാറിയിരിയ്ക്കുകയാണ്. ബാബ പറയുകയാണ്, ഭാരതം ഇങ്ങിനെയുള്ള സ്ഥിതിയിൽ എത്തുമ്പോഴാണ് ഞാൻ വന്ന് ഭാരതത്തെ സ്വർണ്ണ പക്ഷിയാക്കി മാറ്റുന്നത്. ഈ മുളം കാടിന് തീ പിടിയ്ക്കുക തന്നെ വേണം. പഴയ ലോകം മുഴുവൻ പരിവർത്തനപ്പെട്ട്, പുതിയതായി മാറും.

നിങ്ങൾ കുട്ടികൾ ശ്രീമത പ്രകാരം രാജധാനി സ്ഥാപിച്ചുകൊണ്ടിരിയ്ക്കുകയാണ്. ഇത് ഈശ്വരീയ പഠനമാണ്. ബാക്കിയുള്ളതെല്ലാം ആസുരീയ പഠനമാണ്. ഈ പഠനം കൊണ്ട് നിങ്ങൾ സ്വർഗ്ഗ വാസികളായി മാറുന്നു, ആ പഠനം കൊണ്ട് നിങ്ങൾ നരകവാസികളായി മാറുന്നു. ഇപ്പോൾ ദേവീക കുലം വർദ്ധിച്ചു കൊണ്ടിരിയ്ക്കും. മായയുടെ കൊടുങ്കാറ്റും വളരെ വരുന്നു, അതുകൊണ്ടാണ് ബാബ പറയുന്നത് ഇത് ദുഃഖ ധാമമാണ്. ഇപ്പോൾ നിങ്ങൾ എന്നെ ഓർമ്മിയ്ക്കൂ, പരമധാമത്തേയും സുഖധാമത്തേയും ഓർമ്മിയ്ക്കൂ, എങ്കിൽ നിങ്ങളുടെ തോണി കരകയറും. ബാബ വരുന്നത് ദുഃഖധാമത്തിൽ നിന്നും ശാന്തിധാമിലേയ്ക്ക് കൊണ്ടു പോകാനാണ്. പിന്നെ സുഖധാമത്തിലേയ്ക്ക് അയയ്ക്കും. ഇപ്പോൾ ദുഃഖധാമത്തെ മറക്കൂ. ബാബയേയും സമ്പത്തിനേയും ഓർമ്മിയ്ക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജ്ഞാനം കൊണ്ടും യോഗം കൊണ്ടും തന്റെ ബന്ധനങ്ങളെ മുറിയ്ക്കണം. ഈ ദുഃഖധാമത്തെ മറന്ന് ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിയ്ക്കണം.

2) സഹിക്കേണ്ടി വന്നാലും പ്രാണൻ തന്നെ ത്യജിക്കേണ്ടിവന്നാലും, പാവനമാകുന്നതിന് ബാബ നൽകിയിരിയ്ക്കുന്ന ആജ്ഞപ്രകാരം നടക്കുകതന്നെ വേണം. ഒരിയ്ക്കലും പതിതമായി മാറരുത്.

## വരദാനം:- ബ്രാഹ്മണനിൽ നിന്ന് ഫരിസ്തയും ജീവൻ-മുക്ത ദേവതയുമാകുന്ന സർവ്വ ആകർഷണ മുക്തരായി ഭവിക്കൂ

സംഗമയുഗത്തിൽ ബ്രാഹ്മണർക്ക് ബ്രാഹ്മണനിൽ നിന്ന് ഫരിസ്തയാകണം, ഫരിസ്ത അർത്ഥം

ആർക്കാണോ പഴയ ലോകം, പഴയ സംസ്ക്കാരം, പഴയ ശരീരത്തെ പ്രതി ഒരാകർഷണത്തിന്റെയും ബന്ധമില്ലാത്തത്. മൂന്നിൽ നിന്നും മുക്തം, അതുകൊണ്ടാണ് ഡ്രാമയിൽ ആദ്യം മുക്തിയുടെ സമ്പത്തും പിന്നീട് ജീവൻമുക്തിയുടേതുമുള്ളത്. ഫരിസ്ത അർത്ഥം മുക്തം, മുക്ത ഫരിസ്ത തന്നെയാണ് ജീവൻമുക്ത ദേവതയാകുന്നത്. എപ്പോൾ ഇങ്ങനെ ബ്രാഹ്മണനിൽ നിന്ന് സർവ്വ ആകർഷണ മുക്ത ഫരിസ്ത സോ ദേവതയാകുന്നോ അപ്പോൾ പ്രകൃതിയും തുറന്ന ഹൃദയത്തോടെ, നിറഞ്ഞ സ്നേഹത്തോടെ തങ്കൾ എല്ലാവരുടെയും സേവനം ചെയ്യും.

**സ്ലോഗൻ:- തന്റെ സംസ്ക്കാരങ്ങളെ സരളമാക്കൂ എങ്കിൽ എല്ലാ കാര്യങ്ങളും സരളമാകും.**

**അമൂല്യ ജ്ഞാന രത്നം (ദാദിമാരുടെ പഴയകാല ഡയറിയിൽ നിന്ന്)**

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഞാൻ എത്രത്തോളം കാല രൂപനാണോ, അത്രയും മധുരവുമാണ്. അതുകൊണ്ട് എന്റെ വംശാവലിയും ഇതുപോലെ മധുരമാണ്. എല്ലാവരും തുല്യം. കാല രൂപനും പിന്നീട് മധുരവുമാണ് എന്തുകൊണ്ടെന്നാൽ ഈ ഈശ്വരീയ കുലത്തിന്റെ ബീജവും മധുരവും, പവിത്രവും, നിർദോഷവും, നിർവ്വികൽപവുമാണ്. ആ നിർവ്വികൽപത്തിൽ നിന്നുതന്നെയാണ് ശുദ്ധ സങ്കൽപത്തിന്റെ സൃഷ്ടി ഉത്പന്നമാകുന്നത്. അഥവാ സങ്കൽപത്തിലേക്ക് വന്ന് സങ്കൽപത്തിന്റെ സൃഷ്ടി ഉത്പന്നമാകുകയാണെങ്കിൽ അത് ശുദ്ധമായിരിക്കില്ല. സമ്പൂർണ്ണതയിൽ സ്ഥിതിചെയ്തതിന് ശേഷം ഏത് വിത്താണോ വിതയ്ക്കുന്നത്, അതിൽ നിന്ന് മാത്രമാണ് ശുദ്ധ സങ്കൽപത്തിന്റെ സൃഷ്ടി രചിക്കപ്പെടുന്നത്, അവർക്ക് പിന്നീട് പരസ്പരം ഈശ്വരീയ കുടുംബത്തിന്റെ ബന്ധമായിരിക്കും. മാതാവ്-പിതാവ്, സഖാവ്-സഖി എല്ലാം ദൈവീകം, അവിടെ മറ്റൊരു സംബന്ധവും ഉണ്ടായിരിക്കില്ല. അതുകൊണ്ട് ഇങ്ങനെയുള്ള ഈശ്വരീയ കുലത്തിന്റെ ഉള്ളിൽ എന്തായി മാറണം! ഈ ഗുപ്ത കാര്യങ്ങളെ വളരെ ഉള്ളിലേക്ക് പോയി പിടിക്കണം. നിശ്ചയത്തിന്റെ അടിത്തറ ഉറച്ചതാകുന്നതിലൂടെ പോയന്റുകൾ വ്യക്തമായി വെളിച്ചത്തിലേക്ക് വരുന്നു. വെളിച്ചമില്ലെങ്കിൽ സംശയിക്കുന്നു. ഇതിൽ വെളിച്ചം വീശുന്നതിന് ഞാൻ നിമിത്തമായിരിക്കുന്നു. എന്നാൽ അതിനെ എടുക്കുന്നവർ എടുക്കും. എടുക്കുന്നില്ലെങ്കിൽ ആരുടെ ദോഷമാണ്? എടുക്കുന്നവരുടെ മുന്നിൽ ഞാൻ സ്പഷ്ടമാണ് എടുക്കാത്തവരിൽ പുഞ്ചിരിക്കുന്നു. ശരി - ഓം ശാന്തി.